ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന് അനുവദിച്ച ഗ്രാന്റ്

19 (3658)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിഞ്ഞാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന് സർക്കാർ ഗ്രാന്റിനത്തിൽ നല്കേണ്ട തുകയിൽ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എന്ത് തുക കൂടി നൽകാനുണ്ട് ;

(ബി) പ്രസ്തുത തുക അടിയന്തിരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1997-98-ലെ ഗ്രാന്റു കുടിശികയായി 1,97,365 രൂപയും 1998-99-ലെ 2,83,857 രൂപയും 1999-2000-ൽ 23,300 രൂപയും നല്കാനുണ്ടെന്ന് ഉണ്ണായിവാര്യർ സ്മാരക കലാനിലയം അറിയിച്ചിട്ടുണ്ട്. ബഡ്ജറ്റിലെ തുകയുടെ ലഭ്യത അനുസരിച്ചാണ് സ്ഥാപനത്തിന്റെ ഗ്രാന്റ് തുക വകകൊള്ളിച്ചിട്ടുള്ളത്.

ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിലെ അദ്ധ്യാപകരുടെ ശമ്പളം

20 (3659) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിഞ്ഞാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിലെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും 13-3-2000 മുതൽ സമരത്തിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ കുടിശ്ശിക ശമ്പളം പൂർണ്ണമായി നല്കാൻ മാനേജ്മെന്റിന് കഴിയാത്തത് സർക്കാരിൽ നിന്ന് ലഭിക്കേണ്ട ഗ്രാന്റ് കുടിശികയായത് കൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കടമ്മനിട്ട കമ്മിറ്റിയുടെ ശുപാർശകളിന്മേൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ ഗ്രാന്റിനത്തിൽ 7,76,700 രൂപ (ഏഴ് ലക്ഷത്തി എഴുപത്താറായിരത്തി എഴുനൂറ് രൂപ) ടി സ്മാരകത്തിന് നല്കിയിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly